(ബി) കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയ്ക്കു നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

(സി) സംസ്ഥാനഗവൺമെൻറ് പദ്ധതി കേന്ദ്രഗവൺമെൻറിന് സമർപ്പിക്കുകയും കേന്ദ്രഗവൺമെൻറ് യഥാസമയം അത് ലോകബാങ്കിന് നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്രഗവൺമെൻറിൽനിന്നും ലഭിച്ച സന്ദേശമനുസരിച്ച് ഈ പദ്ധതിക്ക് ലോകബാങ്ക് സഹായം ലഭിക്കുന്നതിനുള്ള സാദ്ധ്യത വളരെ കുറവാണെന്നും അതുകൊണ്ട് യൂറോപ്യൻ സാമ്പത്തികസമൂഹത്തിൻെറ സഹായം ലഭ്യമാക്കുന്നതിനുവേണ്ടി അവരെ സമീപിച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്.

കൺസ്യൂമർ കോൺട്രിബ്യൂഷൻ സമ്പ്രദായം

* 142. [146] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
ശ്രീമതി പി. ദേവുട്ടി :
,, കെ. ആർ. ഗൗരി :
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിന് കൺസ്യൂമർ കോൺട്രിബ്യൂഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചുകൊണ്ട് തീരുമാനം ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ, നിറുത്തൽ ചെയ്തിരുന്ന കോൺട്രിബ്യൂഷൻ സമ്പ്രദായം വീണ്ടും കൊണ്ടുവരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള) :

(എ) ഉണ്ട്.

(ബി) വിദ്യുച്ഛക്തി കണക്ഷൻ കിട്ടുന്നതിനു മുൻഗണന ലഭിക്കാൻ വേണ്ടി സ്വമേധയാ കോൺട്രിബ്യൂഷൻ നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവരിൽനിന്നും അതു സ്വീകരിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ വിധിയനുസരിച്ചാണ് ഇതു നടപ്പിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly